പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം : 1874 04-10-2011 ൽ മറുപടിക്ക്

## വനമേഖലയുമായി ബന്ധപ്പെട്ട് ടൂറിസം വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു. കുരുവിള:<br>ശ്രീ. മോൻസ് ജോസഫ്: | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാത്തവിധം വനമേഖലയിൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | എ) സ്വീകരിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ വിശദമാക്കുമോ; | ബി) കേരളത്തിൽ വനമേഖലയിൽ തദ്ദേശവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി ഓരോ ദേശത്തിന്റെയും പ്രകൃതിയുടെ തനിമയും, സാംസ്കാരിക പാരമ്പര്യവും ആദരപൂർവ്വം മനസ്സിലാക്കി പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാത്തവിധം പ്രകൃതി സമ്പത്ത് സംരക്ഷിച്ചുകൊണ്ടുതന്നെ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നു. വനപ്രദേശങ്ങളിൽ പങ്കാളിത്ത വനപരിപാലനത്തിലൂടെയുള്ള ഇക്കോടൂറിസം നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (എം.എസ് )നമ്പർ 18/2002/വനം-വന്യജീവി തീയതി 02-04-2002, സർക്കാർ ഉത്തരവ് (ആർ.റ്റി)നമ്പർ 3314/05/ GA D തീയതി 30-04-2005 എന്നിവ |

| | | | |
|---|---|---|---|
| | | | പ്രകാരം ഉത്തരവായിട്ടുണ്ട്. വനത്തിലേക്കുള്ള സന്ദർശകരിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കി പുഴ-വന സംരക്ഷണ നിധി സൃഷ്ടിച്ച് വന വികസന ഏജൻസി വഴി ഇക്കോ ടൂറിസം നടപ്പിലാക്കുന്നു. ഇതിനായി പങ്കാളിത്ത പഠനം നടത്തി സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കുകയും, വിദഗ്ദ്ധ സമിതിയുടെ അംഗീകാരത്തോടെ പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നു. |
| സി) | ഏതെല്ലാം വനമേഖലകളാണ് ഇതിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | സി) | താഴെ പറയുന്ന വനമേഖലകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്.<br>തിരുവനന്തപുരം ജില്ല - കല്ലാർ, പൊൻമുടി, മങ്കയം, നെയ്യാർ, പേപ്പാറ.<br>കൊല്ലം ജില്ല - തെൻമല, പാലരുവി, ശെന്തുരുണി<br>പത്തനംതിട്ട ജില്ല - കോന്നി<br>കോട്ടയം ജില്ല - ചെല്ലാർകോവിൽ<br>തൃശ്ശൂർ ജില്ല - വാഴച്ചാൽ, ചാലക്കുടി, ചിമ്മിണി<br>ഇടുക്കി ജില്ല - തേക്കടി, മൂന്നാർ, ഇരവികുളം, ചിന്നാർ, തൊമ്മൻകുത്ത്.<br>പാലക്കാട് ജില്ല - പറമ്പിക്കുളം<br>കോഴിക്കോട് ജില്ല - ജാനകിക്കാട്<br>കണ്ണൂർ ജില്ല - ആറളം<br>ഇവയെക്കൂടാതെ കേരളത്തിലെ എല്ലാ വന്യജീവി സങ്കേതങ്ങളിലും, ദേശീയ ഉദ്യാനങ്ങളിലും ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നു. |
| ഡി) | വനമേഖലയുമായി ബന്ധപ്പെട്ട് ടൂറിസം വികസനത്തിന് ഏതെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലു | ഡി) | പരിഗണനയിലുണ്ട്.<br>(1) നിലമ്പൂർ മേഖലയുമായി ബന്ധപ്പെട്ട് നെടുങ്കയം, ആഢ്യൻപാറ, കണോലിപ്ലോട്ട് തുടങ്ങിയവയെ ബന്ധപ്പെടുത്തിക്കൊണ്ട് ഒരു സർക്യൂട്ട് ഇക്കോ ടൂറിസം പദ്ധതി സജീവ |

| | |
|---|---|
| ണ്ടോ; വിശദമാക്കാമോ? | പരിഗണനയിൽ ഉണ്ട്.<br>(2) തേക്കടി ആസ്ഥാനമായുള്ള പെരിയാർ ടൈഗർ റിസർവ്വിലെ ഇക്കോ ടൂറിസം പദ്ധതിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി രാജീവ് ഗാന്ധി പ്രകൃതി പഠന കേന്ദ്രം, മിനി നാച്വറൽ ഹിസ്റ്ററി മ്യൂസിയം, ഗാന്ധി പാർക്ക്, ടർട്ടിൽ പാർക്ക് തുടങ്ങിയവയുടെ നവീകരണവും പരിഗണനയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ